## പതിനാലാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3370 — 10 .12.2018 -ൽ മറുപടിയ്ക്ക്

### ചാലക്കുടിയിൽ വാണിജ്യ കേന്ദ്രം

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി :

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡു വക സ്ഥലത്ത് വാണിജ്യ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ചാലക്കുടി ടൗണിന്റെ ഹൃദയഭാഗത്തായി ഹൗസിംഗ് ബോർഡു വക സ്ഥലത്ത് ഗാർഹിക-വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ)യും (ബി)യും (സി)യും

24.09.2016-ലെ സ.ഉ.(കൈ)നം.31/2016/ഭവനം സർക്കാർ ഉത്തരവ് പ്രകാരം ഉപഭോക്താക്കളിൽ നിന്ന് മുൻകൂർ പണം വാങ്ങി പാരസ്പര്യം മാതൃകയിൽ വാണിജ്യ സമുച്ചയ പദ്ധതി ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡ്രോയിംഗ് തയ്യാറാക്കി നഗരസഭയുടെ അംഗീകാരത്തിനായി നൽകിയപ്പോൾ പ്രസ്തുത സ്ഥലം നിലം ആയാണ് രേഖകളിൽ കാണുന്നത് എന്നതിനാൽ കെട്ടിട നിർമ്മാണ അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല.

Subha S

സെക്ഷൻ ഓഫീസർ